# ബെഞ്ചമിൻ ബെയ്‌ലി – ആധുനികതയുടെ വാസ്തുശില്പി

**ആർ. ചന്ദ്രബോസ്**

Associate Proffesor

Department of Malayalam

Central University of Kerala

Kasaragod, Kerala.

**Article Link: https://aksharasurya.com/2023/06/r-chandrabose/**

‘‘ശരീരത്തിൽ നിന്ന് സുഖത്തേയും ഹൃദയത്തിൽ നിന്ന് സ്നേഹത്തേയും മനസ്സിൽ നിന്ന് ആലോചനയേയും ആത്മാവിൽ നിന്ന് ജീവനേയും മദ്യം വേർതിരിച്ചു കളയുന്നു’’.

1821 ൽ ബെഞ്ചമിൻ ബെയ്‌ലി കോട്ടയത്ത് ആരംഭിച്ച അച്ചടിശാലയിൽ നിന്ന് അച്ചടിച്ചിറക്കിയ ലഘുലേഖകളിൽ ലഭ്യമായതിൽ ഏറ്റവും പഴയതെന്നു കരുതുന്ന ‘മദ്യനിരോധിനി’യിലെ ഒരു വാക്യമാണിത്. മലയാളം അച്ചടിയുടെ മാത്രമല്ല സുഗമവും സുഗ്രഹവുമായ ഒരു ആശയവിനിമയശൈലിയുടെയും ശില്പിയായിരുന്നു ബെഞ്ചമിൻ ബെയ്‌ലി. അച്ചടിയിലധിഷ്ഠിതമായ ഒരു സാംസ്കാരികവിപ്ലവത്തിലൂടെ കേരളസമൂഹത്തെ ആധുനികതയിലേക്ക് വഴി നടത്തുന്നതിൽ ബെഞ്ചമിൻ ബെയ്‌ലി ചെയ്ത സേവനം നിസ്തുലമെന്നേ പറയേ-ൂ. ആദ്യമായി അച്ചടിയന്ത്രം സ്ഥാപിച്ചു. ആദ്യമായി മലയാള പുസ്തകം അച്ചടിച്ചു. ജ്ഞാനിക്ഷേപം എന്ന പേരിൽ ആദ്യമായി അച്ചുനിരത്തിയടിച്ച പത്രമാസിക പ്രസിദ്ധീകരിച്ചു. മലയാള ലിപി പരിഷ്കരിച്ചു ഭംഗി വരുത്തി. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് ആദ്യമായി ഗ്രന്ഥങ്ങൾ തർജ്ജമ ചെയ്തു. ബൈബിൾ പഴയനിയമവും പുതിയനിയമവും പൂർണ്ണരൂപത്തിൽ മലയാളത്തിൽ പരിഭാഷപ്പെടുത്തി. ദ്വിഭാഷാ നിഘ-ുക്കളായ ഇംഗ്ലീഷ്-മലയാളം, മലയാളം-ഇംഗ്ലീഷ് എന്നിവയിലൂടെ പാശ്ചാത്യ വിജ്ഞാനത്തിലേക്ക് ഭാഷാവഴികൾ തുറന്നിട്ടു. ദക്ഷിണേന്ത്യയിലെ

ആദ്യത്തെ കോളേജ് പ്രിൻസിപ്പാൾ എന്ന നിലയിലും മൺട്രോതുരുത്തിലെ അടിമകളെ മോചിപ്പിക്കാൻ മുന്നിട്ടിറങ്ങിയ മനുഷ്യാവകാശ പ്രവർത്തകൻ എന്ന നിലയിലും ഈ മിഷനറി കേരളസംസ്കാരത്തിൽ സമാനതകളില്ലാത്ത ചരിത്രം എഴുതിച്ചേർക്കുകയു-ായി.

ആധുനികതയിലേക്കുള്ള കേരളത്തിന്റെ ഉണർവിന് വൈജ്ഞാനികാടിത്തറ യൊരുക്കുകയും അതുപോലെ ക്രൈസ്തവസഭാ പ്രവർത്തനങ്ങളെ ജനകീയ വൽക്കരിക്കുകയും ചെയ്ത ബെഞ്ചമിൻ ബെയ്‌ലി (1791–1871) പതിനെട്ടാം നൂറ്റാ-ിൽ ബ്രിട്ടനിൽ ഉയർന്നുവന്ന ഇവാഞ്ചലിക്കൽ പ്രസ്ഥാനത്തിലെ ആംഗ്ലിക്കൻധാരയുടെ പിന്മുറക്കാരനാണ്. എളിയ പശ്ചാത്തലത്തിൽ നിന്നുള്ള മിഷനറിമാരുടെ സംഘം വലിയ പഠിപ്പോ പത്രാസോ ഒന്നുമില്ലാത്ത അവർ തൊഴിൽ വിദഗ്ദരും അടിസ്ഥാനജോലികൾ ചെയ്യുന്നതിൽ തല്പരരുമായിരുന്നു. എന്നാൽ ബെയ്‌ലിയാകട്ടെ ഈ പരിമിതികളെ അതിജീവിച്ച് സ്വന്തം നിലയിൽ പണ്ഡിതനായിത്തീർന്നു. ഭാഷകളിലും അതുമായി ബന്ധപ്പെട്ട സാങ്കേതികതയിലും നൈപുണ്യം നേടി.

ഇംഗ്ല-ിൽ യോക്ക്ഷയറിലെ ഡ്യൂസ്ബെർഗിൽ 1791 ൽ ജോസഫ്-മാർത്താബെയ്‌ലി ദമ്പതികളുടെ മകനായി ജനിച്ച ബെഞ്ചമിൻ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കമ്പിളിവ്യവസായമേഖലയിൽ ജോലി ചെയ്തിരുന്നു. ദൈവവേലയ്ക്കായി ബെയ്‌ലികുടുംബം പല രാജ്യങ്ങളിലേക്ക് എത്തിപ്പെടുന്നതാണ് പിന്നീട് കാണുന്നത്. ബെഞ്ചമിനേക്കാൾ അഞ്ചുവയസ്സിനിളയ സഹോദരൻ, 1821 ൽ സിലോണിലേക്ക് മിഷനറി പ്രവർത്തനത്തിനായി പോയിരുന്നു. 1816 ലാണ് ബെഞ്ചമിൻ ബെയ്‌ലി 25-മത്തെ വയസ്സിൽ കേരളത്തിലെത്തുന്നത്. സഹോദരി സാറാബെയ്‌ലിയും ഭർത്താവ് ഡാവ്സണും കൊച്ചിയിലെത്തിയിരുന്നു. എന്നാൽ അവർ ര-ുവർഷത്തിനുശേഷം തിരികെപ്പോവുകയാണു-ായത്. 1816 മുതൽ 1850 വരെ ബെഞ്ചമിൻ ബെയ്‌ലി കേരളത്തിൽ തുടർന്നു. കോട്ടയമായിരുന്നു

പ്രവർത്തനകേന്ദ്രം. അച്ചടിയുടെയും വിദ്യാഭ്യാസത്തിന്റെയും ക്രൈസ്തവആത്മീയതയുടെയും സാംസ്കാരിക

നവോത്ഥാനത്തിന്റെയും വാസ്തുശാസ്ത്രം രൂപപ്പെടുത്തിക്കൊ്, നമ്മുടെ സമൂഹത്തിന്റെ മുന്നേറ്റത്തിന് നേതൃത്വം നൽകാൻ നിയോഗിക്കപ്പെട്ട ജീവിതമായിരുന്നു അദ്ദേഹത്തിന്റേത് എന്ന് കാണാം.

താൻ പ്രവർത്തിച്ച മേഖലകൾ ഏതായാലും പരമാവധി ജനോപകാരപ്രദമാക്കു വാനുള്ള പദ്ധതികളാണ് അദ്ദേഹം നടപ്പാക്കിയത്. അടഞ്ഞതും അപ്രസക്തവും അന്യവൽക്കരണം സൃഷ്ടിക്കുന്നതുമായ ആശയവിനിമയമാർഗ്ഗങ്ങളെ നവീകരിക്കുന്നതിൽ അദ്ദേഹം ശ്രദ്ധവെച്ചു.

സഭാപ്രവർത്തനത്തിനിടയിലു-ായ അനുഭവങ്ങളാണ് അച്ചടിയുടെ ആവശ്യകതയെക്കുറിച്ച് ചിന്തിപ്പിച്ചത്. സഭാനിയമങ്ങളും പ്രാർത്ഥനകളും സുറിയാനി ഭാഷയിലായിരുന്നു. മലയാളികളായ

വിശ്വാസികളോടു സംസാരിക്കേ-ത് അവരുടെ മാതൃഭാഷയിൽ തന്നെയാകണമെന്നും, അവരുടെ ആത്മീയാഭിവൃദ്ധിക്കായി അച്ചടിച്ച കൃതികൾ അനിവാര്യമാണെന്നും അദ്ദേഹം മനസ്സിലാക്കി. 1818 ൽ കോട്ടയത്തെ സുറിയാനി പള്ളിയിൽ മലയാളത്തിലുള്ള

ആരാധനാപ്രസംഗം നടത്തിക്കൊ് കേരളത്തിലെ ക്രൈസ്തവ ആത്മീയ ചരിത്രത്തിൽ ജനകീയതയ്ക്ക് തുടക്കമിട്ടു ബെഞ്ചമിൻ ബെയ്ലി. തുടർന്ന് പരിഭാഷായത്നങ്ങളിലും അച്ചടി പ്രാവർത്തികമാക്കുന്നതിലും ശ്രദ്ധപതിപ്പിച്ചു. ചർച്ച് ഓഫ്

ഇംഗ്ല-ിന്റെ പ്രാർത്ഥനാ പുസ്തകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ഒരു തുടക്കം മാത്രമായിരുന്നു. ചർച്ച്

മിഷൻ സൊസൈറ്റി വഴി ഇംഗ്ല-ിൽ നിന്ന് അച്ചടിയന്ത്രം

കൊ-ുവരാൻ വേ-ി കത്തിടപാടുകൾ നടത്തി. അതു വിജയം ക-ു 1821 ൽ കേരളത്തിലേക്ക് മുംബൈ വഴി അച്ചടിയന്ത്രം എത്തി.

അതിനുമുമ്പു തന്നെ ബെയ്ലി അച്ചടിയന്ത്രം സ്വന്തമായി രൂപകല്പന ചെയ്തിരുന്നു. എൻസൈക്ലോപീഡിയ

ബ്രിട്ടാനിക്കയിലെ കുറിപ്പുകൾ നോക്കി കോട്ടയത്തെ ആശാരിമാരുടെയും കൊല്ലന്മാരുടെയും സഹായത്തോടെ മരത്തടി കൊ-ുള്ള അച്ചടിയന്ത്രം അദ്ദേഹം നിർമ്മിച്ചെടുത്തു. തുടർന്ന് കൽക്കത്തയിലെ ബാപ്റ്റിസ്റ്റ്മിഷൻ സ്ഥാപിച്ച അച്ചുകൂടത്തിൽ നിന്ന് മലയാളഅക്ഷരങ്ങൾ വാർപ്പിച്ചു കൊ-ുവന്നു. അച്ചടിലിപികളെ സൗന്ദര്യവൽക്കരിക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. 1811 ൽ ബോംബെ കുറിയർ പ്രസ്സിൽ അച്ചടിച്ച ബൈബിളിലെ അച്ചടി ലിപികളായിരുന്നു മുൻപിലു-ായിരുന്ന മാതൃക. എന്നാൽ അതിലുപയോഗിച്ച ടൈപ്പുകൾ വികലവും വലിപ്പമേറിയതും ചതുരവടിവിലുള്ളതുമായിരുന്നുവത്രേ. അത് ബെയ്‌ലിക്കു തീരെ ഇഷ്ടപ്പെട്ടില്ല. അതിനെ പരിഷ്കരിക്കുന്നതിനുവേ-ിയാണ് ബെയ്‌ലി സ്വന്തമായി അക്ഷരങ്ങൾ വാർത്തു-ാക്കിയത്. ബൈബിൾ അച്ചടിയിലുപയോഗിച്ച ടൈപ്പുകളുടെ വലിപ്പവും നിരപ്പുകേടും അഭംഗിയും മാറ്റി ഇന്നു കാണുന്ന മട്ടിലുള്ള ചെറുതും ഉരു-തും മനോഹരവുമായ രൂപം നൽകി. എല്ലാ അർത്ഥത്തിലും മലയാളം അച്ചടിയുടെ വാസ്തു ശില്പിയും സൗന്ദര്യശാസ്ത്രകാരനുമായി ബെയ്‌ലി മാറിയത് അങ്ങനെയാണ്. ഇംഗ്ല-ിൽ നിന്നെത്തിച്ച അച്ചടിയന്ത്രത്തിലൂടെ കോട്ടയത്ത് അച്ചടി ആരംഭിച്ചതോടെ 1821 മുതൽ ആശയവിനിമയത്തിന്റെയും സാംസ്കാരിക നവോത്ഥാനത്തിന്റെയും യുഗത്തിനു തുടക്കമായി. മാധ്യമസൈദ്ധാന്തികനായ മാർഷൽ മക്‌ലൂഹൻ പറഞ്ഞിട്ടുള്ളതുപോല, ‘‘പ്രാദേശികതയെയും സങ്കുചിതത്വങ്ങളെയും ഗോത്രീയതയെയും മായ്ചുകളഞ്ഞതും സാമൂഹികവും മാനസികവുമായ അനന്തരഫലങ്ങൾ സൃഷ്ടിച്ചതുമായ ടൈപ്പോഗ്രാഫിവിപ്ലവം’’ അങ്ങനെ കേരളത്തിൽ ബെഞ്ചമിൻ ബെയ്‌ലിയിലൂടെ സംഭവിച്ചു. ബെയ്‌ലിയുടെ മേൽനോട്ടത്തിൽ നാലോളം അച്ചടിശാലകൾ അധികം വൈകാതെ കോട്ടയത്ത് പ്രവർത്തനമാരംഭിച്ചു അവയിലൂടെ പുസ്തകങ്ങളും

ലഘുലേഖകളും തുടരെ പുറത്തുവന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും സംസ്കരണത്തിനുതകുന്ന ആശയങ്ങളുടെ മൂർത്തരൂപമായിരുന്നു അതെല്ലാം. നിരവധി ലഘുലേഖകളും പുസ്തകങ്ങളും അച്ചടിച്ച് പള്ളികളിലൂടെയും മറ്റും വിതരണം ചെയ്തു. അവയിലെ ടൈപ്പും ആയശവും ഭാഷയും വടിവൊത്തതും കൃത്യമായ വിനിമയത്തിലൂന്നുന്നതുമായിരുന്നു. മത്തായിയുടെ സുവിശേഷം (1822) ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കൃതികൾ (1824) ബൈബിൾ പുതിയ നിയമം (1841) എന്നിവ ബെയ്‌ലിയുടെ അച്ചുകൂടത്തിൽ നിന്ന് അച്ചടിച്ചിറക്കിയ പുസ്തകങ്ങളിൽ ചിലതാണ്.

വിവർത്തനത്തിൽ തനതായ ശൈലിയു-ാക്കാനും ബെയ്‌ലിക്കു കഴിഞ്ഞു. പരമാവധി ലക്ഷ്യഭാഷയുടെ ശൈലിയിലേക്കിണക്കിക്കൊ-ുള്ള വിവർത്തന മാതൃകകളാണ് അവയെല്ലാം തന്നെ. ലളിതവും ഹൃദ്യവുമായ ഒരു ഭാഷാശൈലിയാണ് അവയിൽ കാണുന്നത്. അതുപോലെ കുറുക്കിയെഴുത്തിന്റെ കലയും വിവർത്തനത്തിൽ അദ്ദേഹം പരീക്ഷിക്കുകയും വിജയം വരിക്കുകയും ചെയ്തു. ഇംഗ്ലീഷ് ശൈലിയെ ആശ്രയിച്ച് വാക്യങ്ങളുടെ നീളം കുറയ്ക്കുക തുടങ്ങിയവയിലൂടെ മലയാള ഗദ്യശൈലിക്ക് ബെയ്‌ലി ചാർത്തി നൽകിയ ചാരുത സവിശേഷം പഠിക്കേ-താണ്. വിവർത്തനം ബെയ്‌ലിയെ സംബന്ധിച്ച് ഒരു 'മിഷൻ' തന്നെയായിരുന്നു. ഒരു സംഘപ്രവർത്തനം തന്നെയായിരുന്നു അത്. പിന്നീട് ജോസഫ്ഫൈൻ എന്നപേരിൽ മിഷനറിയായി മാറിയ ഒറ്റപ്പാലം ചുനങ്ങാട് ചാത്തുമേനോനായിരുന്നു, ബെയ്‌ലിയുടെ വിവർത്തനസംരംഭങ്ങളിൽ പ്രധാന സഹായിയായി പ്രവർത്തിച്ചത്.

അച്ചടി, വിവർത്തനം, പുസ്തകപ്രസിദ്ധീകരണം ഭാഷാശൈലിനവീകരണം എന്നിവയിലൂടെ സാംസ്കാരികനവോത്ഥാനത്തിന് ആകരസാമഗ്രികൾ നിർമ്മിച്ച ബെഞ്ചമിൻ ബെയ്‌ലിയുടെ ആശയവിനിമയപദ്ധതിയുടെ പൂർണ്ണരൂപങ്ങളിലൊന്നായിരുന്നു ജ്ഞാനനിക്ഷേപം എന്ന

പത്രമാസിക. 1848 ലാണ് ഇതിന്റെ പ്രസിദ്ധീകരണം. ആധുനികാർത്ഥത്തിലുള്ള വർത്തമാനപത്രത്തിന്റെ ആദിരൂപം ഒരുപക്ഷേ, ജ്ഞാനനിക്ഷേപമാണ്. 1847 ൽ തലശ്ശേരിയിലെ

ഇല്ലിക്കുന്നിൽ നിന്ന് ഡോ.ഹെർമ്മൻ ഗു-ർട്ട് കല്ലച്ചിൽ അച്ചടിച്ചിറക്കിയ രാജ്യസമാചാരത്തിലാണ് കേരളപത്രചരിത്രം ആരംഭിക്കുന്നതായി പറയുന്നത്. എന്നാലത് മതപ്രചാരണം ലക്ഷ്യം വെച്ചുള്ളതായിരുന്നു. ജ്ഞാനനിക്ഷേപമാകട്ടെ ഒരു പത്രത്തിന്റെ എല്ലാ സാംസ്കാരികധർമ്മങ്ങളും നിർവ്വഹിക്കുന്ന ഒന്നായിരുന്നു. 'വിദ്യാധനം സർവധനാൽ പ്രധാനം' എന്ന് അതിന്റെ ആദർശവാക്യം തന്നെ ഇതു വിളിച്ചോതുന്നു. വിജ്ഞാനവ്യാപനത്തിലും സാമൂഹികപരിഷ്ക്കരണത്തിലും അടിയുറച്ച മലയാളത്തിലെ ആദ്യത്തെ അച്ചടിമാധ്യമമായിരുന്നു ജ്ഞാനനിക്ഷേപം. ബഹുജനങ്ങൾക്കുപകാരപ്രദമായ, കൃത്യവും വ്യക്തവും ലളിതവുമായി ആശയവിനിമയം സാധ്യമാക്കിയ ആദ്യപത്രവും ജ്ഞാനനിക്ഷേപം തന്നെ. ആധുനികമായ ഒരു പത്രശൈലിയും ബെയ്‌ലി ഇതിലൂടെ പരിചയപ്പെടുത്തി. എല്ലാ അർത്ഥത്തിലും ഒരു മാധ്യമശില്പി തന്നെയായിരുന്നു ബെഞ്ചമിൻ ബെയ്‌ലി.

മാധ്യമങ്ങളെക്കുറിച്ച് മൗലികവും അതേസമയം പ്രവചനസ്വഭാവമുള്ള ചിന്തകൾ അവതരിപ്പിച്ച മാർഷൽ മക്‌ലൂഹൻ ദേശീയതയുടെ വാസ്തുശില്പി എന്നത്രേ അച്ചടിയെ വിശേഷിപ്പിച്ചത്. കരകൗശലവിദ്യയുടെ ആദ്യയന്ത്രവൽക്കരണമായിരുന്നു അച്ചടിയെന്നും തുടർന്നുള്ള യന്ത്രവൽക്കൃതയുഗത്തിന്റെ മുന്നോടിയായിരുന്നു അതെന്നും

അദ്ദേഹം നിരീക്ഷിക്കുന്നു-. മനുഷ്യാവബോധത്തിന്റെ വികാസത്തിൽ നിർണ്ണായക പങ്കുവഹിച്ച അച്ചടി ഇന്ത്യയെ സംബന്ധിച്ച് ക്രിസ്ത്യൻ മിഷനറിമാരിലെ ഭാഷാവിദഗ്ദരിലൂടെയാണ് യാഥാർത്ഥ്യമായത്. കേരളത്തിലാകട്ടെ മലയാളം അച്ചടിയിലൂടെ ഭാഷയുടെയും സാഹിത്യത്തിന്റെയും വിജ്ഞാനത്തിന്റെയും വിപ്ലവകരമായ വളർച്ചയ്ക്കും വികാസത്തിനും തുടക്കമിട്ട മിഷനറിയായിരുന്നു ബെഞ്ചമിൻ

ബെയ്‌ലി. വിവർത്തകൻ, ഗദ്യകാരൻ, നിഘ-ുകാരൻ, പത്രാധിപർ,

അധ്യാപകൻ, സാമൂഹികപരിഷ്കർത്താവ് എന്നീ നിലകളിൽ അത്ഭുതകരമായ പ്രവർത്തനം കാഴ്ചവെച്ച ബെഞ്ചമിൻ ബെയ്‌ലിക്കു തന്നെയാണ് കേരളാധുനികതയുടെ വാസ്തുശില്പി എന്ന വിശേഷണം നന്നായിണങ്ങുക.

**റഫറൻസ്**


1. സാമുവൽ വർഗ്ഗീസ്, ഡോ.സാമുവൽ നെല്ലിമുകൾ, ബെഞ്ചമിൻ ബെയ്‌ലി - മലയാള അച്ചടിയുടെ പിതാവ്, ബെഞ്ചമിൻ ബെയ്‌ലി ഗവേഷണകേന്ദ്രം, കോട്ടയം, 1996.
2. ബാബുചെറിയാൻ, ബെഞ്ചമിൻ ബെയ്‌ലി, എസ്.പി.സി.എസ്, കോട്ടയം, 2009.
3. M C Luhan, Understanding Media, Routledge, Indian Edition, 2008.